കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് – എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പ്- കോട്ടയം ജില്ലയിലെ അയർക്കുന്നം സബ്ബ് ട്രഷറി ആരംഭിച്ചത് - റദ്ദ് ചെയത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(കൈ) നം. 480/2016/ധന തീയതി, തിരുവനന്തപുരം 01.12.2016.

പരാമർശം:- 1. സ.ഉ.(കൈ) 567 /15 /ധന തീയതി :15.12.15

2. സ.ഉ.(സാധാ) 1769 /16/ ധന തീയതി :25.02.16

3. ട്രഷറി ഡയറക്ടറുടെ എ 1 /1918/2002 തീയതി : 09.08.16

**ഉത്തരവ്**

കോട്ടയം ജില്ലയിലെ അയർക്കുന്നം കേന്ദ്രമാക്കി സബ്ബ് ട്രഷറി ആരംഭിക്കുന്നതിനു പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. കൂടാതെ ടി ട്രഷറിയിൽ ഒരു സബ്ബ് ട്രഷറി ഓഫീസർ, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തിക സൃഷ്ടിച്ച് പരാമർശം (2) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ട്രഷറികളുടെ ആധുനിക വത്കരണത്തിന്റെയും കമ്പ്യൂട്ടർവത്കരണത്തിന്റെയും ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ അയർക്കുന്നം സബ്ബ് ട്രഷറി ആരംഭിക്കുന്നതിനുള്ള തീരുമാനം സർക്കാർ പുന:പരിശോധിക്കുകയും പ്രസ്തുത ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കേണ്ടതില്ല എന്നും തീരുമാനിച്ചിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (1) ലെയും പരാമർശം (2) ലെയും ഉത്തരവുകൾ റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പി. ഗോപകുമാർ**

**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ജി&എസ്എസ്എ) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ) കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, കോട്ടയം

ഡയറക്ടർ , ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ ,www.finance.kerala.gov.in

ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ